കാരണം പ്രസ്തുത പദ്ധതി വൻപരാജയമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥേഷ്ടം ശുദ്ധജലം ലഭിക്കത്തക്കതും 21 ഏക്കർ വിസ്തീർണ്ണമുള്ളതും ഒരിക്കലും നീരുറവ വറ്റാത്തതുമായ വലിയകുളത്തിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ പരിപാടി പ്രകാരം വലിയകുളം കോളനിക്ക് മാത്രമായി നടപ്പിലാക്കിയതാണ്. കാലക്രമേണ സമീപ സ്ഥലങ്ങളിലേക്കും ഈ പദ്ധതിയിൽനിന്നും ജലവിതരണം നടത്തുവാനായി പൈപ്പ്ലൈൻ സ്ഥാപിക്കുക കാരണം ഇപ്പോൾ ഈ പദ്ധതി തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. സ്രോതസ്സ് മാറ്റിയതിനാൽ വെള്ളത്തിന്റെ ലഭ്യതയ്ക്ക് യാതൊരു കോട്ടവും പറ്റിയിട്ടില്ല.

(ബി) 1996-97 കാലഘട്ടങ്ങളിൽ പ്രസ്തുത പദ്ധതിക്ക് വലിയകുളം സ്രോതസ്സായി ഉപയോഗിക്കുവാൻ പഠനം നടത്തിയിരുന്നു. ശുദ്ധീകരണശാലയോടുകൂടിയ ഒരു പദ്ധതി ആവിഷ്കരിച്ചാൽ മാത്രമേ കുളത്തിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് വൻതുക വേണ്ടിവരുമെന്നുള്ളതിനാൽ ഈ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

47 (1693) തൃശ്ശൂരിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഇ.സി. യുടെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ജില്ലയിൽ ഇനിയും പണി പൂർത്തിയായിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം; പരിഗണനയിൽ ഉള്ളത് ഏതെല്ലാം;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ പൂർത്തിയായതും പരിഗണനയിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാമാണ്;

(ഇ) അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി ഇ.ഇ.സി-യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ.ഇ.സി. യുടെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നുംതന്നെയില്ല.

(ബി) 1. ആളൂർ പഞ്ചായത്തിലെ ആണികുളം

2. പഴയന്നൂർ പഞ്ചായത്തിലെ ഇളനാടു വി.സി.ബി.

LIBRARY ARCHIVES Kerala Legislative Assembly

3. എരുമപ്പെട്ടി പഞ്ചായത്തിലെ ഭരണിച്ചിറ

4. ചൊവ്വന്നൂർ പഞ്ചായത്തിലെ കൂട്ടംകുളം

(സി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികളുടെ പണികൾ പൂർത്തിയായിട്ടില്ല. പരിഗണനയിൽ ഉള്ളതിൽ ഭരണാനുമതി ലഭിച്ചവ താഴെപ്പറയും പ്രകാരമാണ്.

1. മുണ്ടത്തിക്കോട്ടു പഞ്ചായത്തിലെ പുളമനച്ചിറ

2. ചേലക്കര പഞ്ചായത്തിലെ കല്ലംകുളം

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ആവണിശ്ശേരിൽ പഞ്ചായത്തിലെ തിരുവണ്ടാംചിറകുളം പണി പൂർത്തിയായി. വല്ലച്ചിറ പഞ്ചായത്തിലെ വല്ലച്ചിറകുളം പരിഗണനയിലാണ്.

(ഇ) ഈ വിധത്തിലുള്ള ഒരു പദ്ധതിയും ഇപ്പോൾ പരിഗണനയിൽ ഇല്ല.

48 (1694) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജോലി ഏറ്റെടുത്ത് നടത്തുന്നതിന് ഗവൺമെന്റ് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജോലിക്ക് 27.02.99 -ലെ ജി.ഒ.(ആർ.റ്റി.)8/991 ജല.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ജോലിയുടെ സുഗമമായ നടത്തിപ്പിന് ഭാരതപ്പുഴ റഗുലേറ്റർ-കം-ബ്രിഡ്ജ് അതോറിറ്റി എന്ന പേരിൽ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരുന്നു.

49 (1695) വർക്കല തുരങ്കം സുരക്ഷിതമാക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാതയായ ടി.എസ്. കനാലിന്റെ നെടുങ്കണ്ട മുതൽ നടയറ കായൽവരെയുള്ള കനാൽ നന്നാക്കുന്നതിനും, വർക്കല തുരങ്കം സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ജോലി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

(എ)&(ബി)തിരുവനന്തപുരം ഷൊർണൂർ കനാലിന്റെ ഭാഗമായ കോവളം മുതൽ നടയറവരെയുള്ള കനാലിന്റെ സമഗ്രവികസനത്തിനുവേണ്ടി 1950 ലക്ഷം രൂപ മതിപ്പു ചെലവ് വരുന്ന എസ്റ്റിമേറ്റ് ഉൾപ്പെടുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാൻ സർക്കാർ നടപടി എടുത്തുവരുന്നുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly